# സഭ സ്വർഗ്ഗത്തിൽ (വെളിപാട് പഠനം 52)

പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

വാക്യം. 4: 2,3 "ഉടനെ ഞാന് ആത്മവിവശനായി സ്വര്ഗ്ഗത്തില് ഒരു സിംഹാസനം വെച്ചിരിക്കുന്നതും സിംഹാസനത്തില് ഒരുവന് ഇരിക്കുന്നതും കണ്ടു. ഇരിക്കുന്നവന് കാഴ്ചെയ്ക്കു സുര്യകാന്തത്തോടും പത്മരാഗത്തോടും സദൃശന്. സിംഹാസനത്തിന്റെ ചുറ്റും കാഴ്ചെയ്ക്കു മരതകത്തൊടു സദൃശ്യമായൊരു പച്ചവില്ല്."

ഇവിടെ കയറി വരിക. മേലാല് സംഭവിപ്പാനുള്ളത് ഞാന് കാണിച്ചു തരാം എന്ന കര്ത്താവിന്റെ ഗംഭീരധ്വനി ഉണ്ടായപ്പോള് യോഹന്നാന് ആത്മവിവശനായി എന്നു നാം കാണുന്നു. വെളിപ്പാട് പുസ്തകത്തില് യോഹന്നാന് നാലു പ്രാവശ്യം ആത്മവിവശനായതായി നാം വായിക്കുന്നു.

1. 1: 10- കര്ത്തൃദിവസത്തില് ആത്മാവിലായി. അപ്പോള് മഹത്വീകരിക്കപ്പെട്ട കര്ത്താവായ യേശുവിനെ താന് കണ്ടു.
2. 4: 2- കര്ത്താവിന്റെ രഹസ്യവരവിന്റെ വിളിയൂണ്ടായപ്പോള് താന് ആത്മാവിലായി.
3. 17: അന്തിക്രിസ്തുവിന്റെ മണവാട്ടിയെക്കുറിച്ചുള്ള വെളിപ്പാടു കാണുന്നതിനായി താന് ആത്മാവിലായി.
4. 21: 10. യേശുക്രിസ്തുവിന്റെ മണവാട്ടിയാകുന്ന പുതിയ യെരുശലേമെന്ന നഗരം കാണുന്നതിനുവേണ്ടി താന് ആത്മാവിലായി. ഇങ്ങനെ നാലുപ്രാവശ്യം യോഹന്നാന് ആത്മാവിലായി എന്നു കാണുന്നു.

യോഹന്നാന് ആത്മാവില് സ്വര്ഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു. അത് സഭ സ്വര്ഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതിന്റെ പ്രതീകമാണ്. നമ്മുടെ കര്ത്താവായ യേശുക്രിസ്തു തന്റെ മണവാട്ടിയായ സഭയെ ചേര്ക്കുവാന് സ്വര്ഗ്ഗത്തില് നിന്നും ഇറങ്ങി ആകാശ മേഘം വരെ വരുന്നു. ഭൂമിയിലേക്ക് വരുന്നില്ല. സഭ മേഘങ്ങളിലേക്ക് എടുക്കപ്പെടും. കര്ത്താവ് സഭയെ സ്വീകരിച്ച് സ്വര്ഗ്ഗത്തിലേക്ക് മണവാട്ടിക്കുവേണ്ടി ഒരുക്കിയ സ്ഥലത്തേക്ക് കൊണ്ടു പോകും. " ഞാന് നിങ്ങള്ക്ക് സ്ഥലം ഒരുക്കുവാന് പോകുന്നു. ഞാന് പോയി നിങ്ങള്ക്ക് സ്ഥലം ഒരുക്കിയാല് ഞാന് ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കല് ചേര്ത്തുകൊള്ളും." യോഹ. 14: 3; 1 തെസ്സ. 4: 16, 17. വെളി. 4: 2-ല് സഭ സ്വര്ഗ്ഗത്തിലായിരിക്കുന്നു.

### സ്വര്ഗ്ഗത്തിലെ സിംഹാസനം

ഇത് ദൈവത്തിന്റെ സിംഹാസനമാണ്. സകലത്തിന്റെയും സൃഷ്ടാവായ ദൈവം സിംഹാസനാരൂഢനായിരിക്കുന്നു. ദൈവം ഏകനെന്നതിനെ ഇവിടെ പ്രതിനിധീകരിച്ച് പ്രദര്ശിച്ചിപ്പിച്ചിരിക്കുന്നു. 7-ാം അദ്ധ്യായം 10-ാം വാക്യത്തില് രക്ഷ എന്നുള്ളത് "സിംഹാസനത്തില് ഇരിക്കുന്നവനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയം ദാനം" എന്ന് നാം വായിക്കുന്നു. ഇവിടെ

സ്വര്ഗ്ഗത്തില് പിതാവായ ദൈവത്തെയും പുത്രനായ ദൈവത്തെയും പരിശുദ്ധാത്മാവാം ദൈവത്തെയും നമുക്ക് ദര്ശിക്കുവാന് സാധിക്കും.

1. സിംഹാസനത്തില് ഇരിക്കുന്നവന്. 4: 2.

2. സിംഹാസനത്തിന്റെ മദ്ധ്യേ അറക്കപ്പെട്ട കുഞ്ഞാട്. 5: 6.

3. ദൈവത്തിന്റെ ഏഴാത്മാക്കള്. 4:5; 5: 6.

ദൈവം ഏകനാണ്. എന്നാല് അതേ സമയം പിതാവ്, പുത്രന്, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തിത്വങ്ങള് ഉള്ളവനുമാണ്. ദൈവത്വത്തില് മൂന്ന് ആളത്വങ്ങള് ഉണ്ടെങ്കിലും സാരാംശത്തില് ഏകനാണ്. വെളി. 4-ാം അദ്ധ്യായത്തിന്റെ പഠനത്തില് പിതാവും പുത്രനും പരിശുദ്ധാത്മാവും സ്വര്ഗ്ഗത്തില് കാണപ്പെടുന്നതിനാല്, പരിശുദ്ധാത്മാവ് തന്റെ ദൗത്യ നിര്വ്വഹണത്തിന് ശേഷം കര്ത്താവിനുവേണ്ടി ഒരുക്കപ്പെട്ട കാന്തയേയും കൊണ്ട് സ്വര്ഗ്ഗത്തില് ആയിരിക്കുന്നു. പരിശുദ്ധാത്മാവ് സ്വര്ഗ്ഗത്തില് ആയിരിക്കുന്നു എന്നുള്ളത് സഭ എടുക്കപ്പെട്ടു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. കാരണം സഭയോടുകൂടിയല്ലാതെ പരിശുദ്ധാത്മാവ് സ്വര്ഗ്ഗത്തിലേക്ക് മടങ്ങുകയില്ല. എങ്കിലും പരിശുദ്ധാത്മവിന്റെ പ്രവര്ത്തനം ഭൂമിയില് നിന്ന് പൂര്ണ്ണമായി മാറ്റപ്പെടുകയില്ല. പാഴും ശുന്യവുമായിക്കിടന്ന ഭൂമിയിലും ദൈവത്തിന്റെ ആത്മാവ് വെള്ളത്തിനുമീതെ പരിവര്ത്തിച്ചിരുന്നപോലെയും (ഉല്പത്തി. 1: 2) പഴയനിയമകാലത്തെന്നപോലെയും പരിശുദ്ധാത്മവിന്റെ പ്രവര്ത്തനം സര്വ്വഭൂമിയിലും ഭാഗികമായി ഉണ്ടായിരിക്കുന്നതാണ്.

സ്വര്ഗ്ഗത്തില് ഒരു സിംഹാസനം വച്ചിരിക്കുന്നതും അതിന്മേല് ഒരുവന് ഇരിക്കുന്നതുമാണ് യോഹന്നാന് കാണുന്നത്. ഇരിക്കുന്നവന് കാഴ്ചെയ്ക്ക് സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശന്. വെളി. 2, 8, 9. എന്നീ അദ്ധ്യായങ്ങളൊഴികെ മറ്റെല്ലാ അദ്ധ്യായങ്ങളിലും ദൈവസിംഹാസനം കാണപ്പെടുന്നു. സ്വര്ഗ്ഗം ദൈവത്തിന്റെ സിംഹാസനമാണ്. ഇത് ദൈവത്തിന്റെ രാജകീയ പ്രഭാവത്തെ കാണിക്കുന്നു. അടുത്തുകൂടാത്ത വെളിച്ചത്തില് വസിക്കുന്നവനായ ദൈവത്തെ തന്റെ മഹത്വത്തില് യോഹന്നാന് ദര്ശിക്കുന്നു. ദൈവത്തിന്റെ അനന്തമായ മഹത്വത്തെയും ശക്തിയെയും അവന്റെ സിംഹാസനം വര്ണ്ണിക്കുന്നു. "യഹോവ തന്റെ സിംഹാസനത്തെ സ്വര്ഗ്ഗത്തില് സ്ഥാപിച്ചിരിക്കുന്നു. അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു." സങ്കീ. 103: 19.

സിംഹാസനത്തില് ഇരിക്കുന്നവന് കാഴ്ചെയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശന്. സൂര്യകാന്തവും പത്മരാഗവും അതിമനോഹരങ്ങളായ രണ്ടു രത്നങ്ങളാണ്. സുര്യകാന്തത്തിന്റെ നിറം വെണ്മയും പത്മരാഗത്തിന്റെ നിറം ചുവപ്പുമാണ്. വെള്ളയും ചുവപ്പും ഇടകലര്ന്ന നിറമുള്ളവനാണ് സിംഹാസനസ്ഥന്. സകല ജ്യോതിര്ഗോളങ്ങളിലേക്കും പ്രകാശം പകര്ന്നു കൊടുക്കുന്നവന്-അത്യുജ്വല ശോഭ പരത്തുന്ന മിന്നല് പിണരുകളെ പറഞ്ഞയക്കുന്നവന്-സ്ഫടികം പോലെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശമുള്ളവന്-പതിനായിരങ്ങളില് അതിശ്രേഷ്ഠനായ കര്ത്താവിനെയാണ് സിംഹാസനത്തില് ദര്ശിക്കുന്നത്. അതുകൊണ്ടാണ് ശലേമി

ഉത്തമഗീതത്തില് പറഞ്ഞത് "എന്റെ പ്രിയന് വെണ്മയും ചുവപ്പുമുള്ളവന്. പതിനായിരം പേരില് അതിശ്രേഷ്ഠന് തന്നെ." ഉത്ത. 5: 10. വെണ്മനിറം ദൈവത്തിന്റെ പരിശുദ്ധിയേയും ചുവപ്പുനിറം ന്യായവിധിയില് തന്റെ സര്വ്വാധികാരത്തെയും കാണിക്കുന്നു. അതേ നമ്മുടെ കര്ത്താവ് നമുക്ക് സകലത്തിലും സകലരിലും അതിശ്രേഷ്ഠനാകുന്നു. ഇവനെത്രെ നമ്മുടെ വീണ്ടെടുപ്പുകാരന്. ഇവനത്രെ നമ്മുടെ ആത്മമണവാളന്. ഇപ്പോള് നാം അവനെ വിശ്വാസത്താല് കാണുന്നു. എന്നാല് യഥാര്ത്ഥത്തില് അവനെ നാം കാണുന്ന ഒരു ദിവസം ആണ് സഭ സ്വര്ഗ്ഗത്തില് ചെല്ലുന്ന സമയം. ദൈവവും കുഞ്ഞാടുമായ നമ്മുടെ കര്ത്താവ് ഇവിടെ സിംഹാസനത്തില് ഇരിക്കുന്നു. സഭയാം മണവാട്ടി ഇവിടെ സ്വര്ഗ്ഗത്തില് ആയിരിക്കുന്നു.
മദ്ധ്യാകാശത്തില് വച്ച് പരസ്പരം കണ്ടുമുട്ടുന്ന കര്ത്താവും തന്റെ കാന്തയായ സഭയും ഒരുമിച്ച് ദൈവസിംഹാസനം സ്ഥാപിതമായിരിക്കുന്ന സ്വര്ഗ്ഗസ്ഥലങ്ങളിലേക്ക് കടന്നുപോകും. അവിടെ തന്റെ പിതാവായ ദൈവത്തിന്റെ മുമ്പാകെ, തന്റെ അദ്ധ്വാനഫലമായി ലഭിച്ചിട്ടുള്ള തന്റെ കാന്തയെ കാഴ്ച വയ്ക്കും. എത്ര അത്ഭുതമാര്ന്ന രംഗമായിരിക്കും അത്. എല്ലാവരുടെയും സന്തോഷം പൂര്ണ്ണമാകുന്ന രംഗമാണിത്.

## 1. വിശുദ്ധന്മാരുടെ സന്തോഷം പൂര്ണ്ണമാകും

ദീര്ഘനാളുകള് ആയി ഇവിടെ കഷ്ടതയിലും പ്രയാസങ്ങളിലും പോരാട്ടങ്ങളിലും കൂടെ കഴിഞ്ഞുവരികയായിരുന്നു. സാത്താന് അവരെ എല്ലാ രംഗങ്ങളിലും അലട്ടിക്കൊണ്ടിരിക്കുന്നു. ഹൃദയവേദനകളും അവര് ചൊരിഞ്ഞിട്ടുള്ള കണ്ണുനീരുകളും വര്ണ്ണനാതീതമാണ്. രോഗദുരിതങ്ങളാല് കഠിനമായ ശാരീരിക വേദനയ്ക്ക് വിധേയരായി കഴിഞ്ഞിരുന്ന അനേകരുണ്ട്. പട്ടിണിയില് ദിനരാത്രങ്ങള് കഴിഞ്ഞവരുണ്ട്. എന്നാല് അവരുടെ സകല കഷ്ടതകളും വേദനകളും എന്നേയ്ക്കുമായി മാറിപോയിരിക്കുന്നു. സാത്താന്യ പോരാട്ടങ്ങള് എന്നേയ്ക്കുമായി അവസാനിച്ചിരിക്കുന്നു. മരണത്തിന്റെ ക്രൂരഹസ്തങ്ങള് തങ്ങളില് നിന്നും മാറ്റിക്കളഞ്ഞ പ്രിയപ്പെട്ടവരെ അവര് മുഖാമുഖമായി കാണുന്നു. തങ്ങളുടെ കണ്ണുനീരെല്ലാം തുടയ്ക്കപ്പെടുന്നു. ദീര്ഘനാളുകളായി സ്വപ്നം കണ്ടുകൊണ്ടിരുന്ന സ്വര്ഗ്ഗം അവരുടെ ദൃഷ്ടി പഥത്തിലെത്തിയിരിക്കുന്നു. എല്ലാറ്റിനുമുപരിയായി നമുക്ക് വേണ്ടി കഷ്ടം സഹിച്ച് സ്വന്തജീവനെ മറുവിലയായി ഏല്പ്പിച്ചികൊടുത്ത് നരകത്തിലെ നിത്യാഗ്നിയില് നിന്നും വീണ്ടെടുത്തവനും ഇപ്പോള് കണ്ണാടിയില് കടമൊഴിയായി മാത്രം കണ്ടുകൊണ്ടിരിക്കുന്നവനുമായ നമ്മുടെ ആത്മമണവാളനെ മുഖാമുഖമായി കാണുകയും അവനെ ആലിംഗനം ചെയ്യുകയും ചെയ്യുന്നതിനുള്ള സന്ദര്ഭം നമുക്കിവിടെ ലഭിച്ചിരിക്കുന്നു. നമ്മുടെ കര്ത്താവിനെ നേരിട്ടു കാണാം. സകല വിശുദ്ധന്മാരെയും കാണാം. നമ്മെ രക്ഷയിലേക്ക് നയിച്ച ആത്മാവിനെ കാണാം. ഹാ! എത്ര ആനന്ദം! എന്തൊരു ആഹ്ലാദം! എല്ലാ വിശ്വാസികളുടെയും സന്തോഷം അന്ന് പൂര്ണ്ണമാകും.

## 2. നമ്മുടെ കര്ത്താവിന്റെ സന്തോഷം പൂര്ണ്ണമാകും

മാനവജാതിയുടെ രക്ഷയ്ക്കുവേണ്ടി സ്വന്തജീവനെ മറുവിലയായി ഏല്പ്പിച്ചുകൊടുത്തശേഷം സ്വര്ഗ്ഗത്തിലേക്ക് കടന്നുപോയി പിതാവിന്റെ സന്നിധിയില് നമുക്ക് വേണ്ടി കര്ത്താവായ യേശു മദ്ധ്യസ്ഥത വഹിച്ചുകൊണ്ടിരിക്കുകയാണ്. താന് എന്തിനുവേണ്ടി സ്വര്ഗ്ഗം വിട്ടു ഈ ലോകത്തിലേയ്ക്ക് ഇറങ്ങിവന്നുവോ, ആര്ക്കുവേണ്ടി രക്തം ചൊരിഞ്ഞുവോ, ആര്ക്കുവേണ്ടി മദ്ധ്യസ്ഥത ചെയ്തുകൊണ്ടിരിക്കുന്നുവോ അവരെ ഇതാ, തന്റെ കാന്തയെത്തന്നെ താന് മുഖാമുഖമായി കാണുന്നു. താന്റെ പ്രയത്നഫലം താന് ദര്ശിക്കുന്നു. എത്ര ആനന്ദത്തിന്റെ സന്ദര്ഭമാണിത്. തന്റെ കാന്തയെ ഈ ലോകത്തില് കഷ്ടതകളിലും പോരാട്ടങ്ങളിലും കണ്ണുനീരിന്റെ അനുഭവത്തിലും കൂടെ കഴിയുകയായിരുന്നു എന്ന് അവനറിയാം. ആ വിധ അനുഭവങ്ങളില് നിന്നും അവര് എന്നേയ്ക്കുമായി വിടുതല് പ്രാപിച്ചു തന്റെ സന്നിധിയില് വന്നിരിക്കുന്നു. അതും കര്ത്താവിന് ആനന്ദം നല്കുന്ന സന്ദര്ഭമാണ്. കര്ത്താവ് തന്ഡറെ പ്രയത്ന ഫലം കണ്ട് തൃപ്തനാകുന്ന സന്ദര്ഭം. അങ്ങനെ നമ്മുടെ കര്ത്താവിന്റെ സന്തോഷം പൂര്ണ്ണമാകും.

## 3. പിതാവാം ദൈവത്തിന്റെ സന്തോഷം പൂര്ണ്ണമാകും

ഏറ്റവും വലിയ ത്യാഗം നാം ദൈവത്തിലാണ് ദര്ശിക്കുന്നത്. പാപികളും ദോഷികളും ശത്രുക്കളുമായിരുന്ന നമ്മെ സ്നേഹിക്കയാല് ദൈവം തന്റെ മടിയിരുന്ന തന്റെ ഏകജാതനായവനെ അതേ, പാപം എന്തെന്നറിഞ്ഞിട്ടില്ലാത്ത തന്റെ മകനെതന്നെ, നമുക്കുവേണ്ടി മരിക്കുവാന് പാപം നിറഞ്ഞ ഈ ലോകത്തിലേക്കയച്ചു. ആ ത്യാഗത്തിന്റെ ഫലം ഇപ്പോള് പിതാവ് കാണുവാന് തുടങ്ങുകയാണ്. അനുരൂപയായ ഒരു വധുവിനോടുകൂടെ സ്വപുത്രനെ കാണുന്നതില് പരം സന്തോഷപ്രദമായ ഒരനുഭവം ഒരുപിതാവിനെ സംബന്ധിച്ചിടത്തോളം വേറെ കാണുകയില്ല. തികെച്ചും കാന്തയുമായി പിതൃസന്നിധിയിലേക്കണയുന്ന സ്വപുത്രനെയും അവനെ അനുഗമിക്കുന്ന തന്റെ മണവാട്ടിയേയും ദര്ശിക്കുമ്പോള് നിശ്ചയമായും പിതാവാം ദൈവത്തിന്റെ ഹൃദയം സന്തോഷത്താല് പൂര്ണ്ണമാകും.

## 4. പരിശുദ്ധാത്മാവിന്റെ സന്തോഷം പൂര്ണ്ണമാകും

ക്രിസ്തുവിന്റെ മണവാട്ടിയോടുള്ള ബന്ധത്തില് പരിശുദ്ധാത്മാവാം ദൈവത്തിന്റെ സന്തോഷം പൂര്ണ്ണമാകുന്ന സന്ദര്ഭമാണിത്. "ഞാന് പിതാവിനോടു ചോദിക്കും. അവന് സത്യത്തിന്റെ ആത്മാവെന്ന കാര്യസ്ഥനെ എന്നേയ്ക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങള്ക്കു തരും. " യോഹ. 14: 16. "എങ്കിലും പിതാവ് എന്റെ നാമത്തില് അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങള്ക്ക് തരും. " യോഹ. 14: 16. "എങ്കിലും പിതാവ് എന്റെ നാമത്തില് അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥന് നിങ്ങള്ക്ക് സകലവും ഉപദേശിച്ചുതരികയും ഞാന് നിങ്ങളോടു പറഞ്ഞത് ഒക്കെയും നിങ്ങളെ ഓര്മ്മപ്പെടുത്തുകയും ചെയ്യും. " യോഹ. 14: 26. "ഞാന് പോകുന്നത് നിങ്ങള്ക്ക് പ്രയോജനം. ഞാന് പോകാഞ്ഞാല്

കാര്യസ്ഥന് നിങ്ങളുടെ അടുക്കല് വരികയില്ല. '' യോഹ. 16: 7. കര്ത്താവിന്റെ മണവാട്ടിയായ സഭയെ ഒരുക്കേണ്ടതിന് കര്ത്താവ് പരിശുദ്ധാത്മവിനെ തന്റെ സഭയ്ക്കായി അയച്ചു തന്നു. പെന്റക്കൊസ്റ്റ് നാള് മുതല് പരിശുദ്ധാത്മാവ് നമ്മെ ശക്തിപ്പെടുത്തുകയും ധൈര്യം തന്ന് തന്റെ സഭയെ ഒരുക്കിക്കൊണ്ടു സ്വര്ഗ്ഗത്തില് വന്നിരിക്കുന്ന ഈ സമയം പരിശുദ്ധാത്മാവിന്റെ സന്തോഷവും പൂര്ണ്ണമാകുന്ന സമയമാണിത്. അബ്രഹാമിന്റെ മകനായ യിസഹാക്കിനുവേണ്ടി മണവാട്ടിയായ റിബേക്കയുമായി എലിയാസര് യജമാനന്റെ അരികിലേക്ക് മടങ്ങുന്നു. ഉല്പ. 24: 63-67. അബ്രഹാം ദൈവത്തിനു യിസഹാക്ക് ക്രിസ്തുവിനും, എലിയാസര് പരിശുദ്ധാത്മാവിനും നിഴലാണ്. ഇതുപോലെ കാര്യസ്ഥനായ പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ കാന്തയായ സഭയുമായി സ്വര്ഗ്ഗത്തില് ആയിരിക്കുന്നു.

**5. സ്വര്ഗ്ഗത്തിന്റെ സന്തോഷം പൂര്ണ്ണമാകും**

സ്വര്ഗ്ഗവും സ്വര്ഗ്ഗീയ ദൂതഗണങ്ങളും ആനന്ദത്തോടെ ആറാടുന്ന രംഗമായിരിക്കും എന്നതിന് യാതൊരു സംശയവുമില്ല. സ്വര്ഗ്ഗത്തിന്റെ മണികുടമായിരുന്നു ദൈവപുത്രന് ചില നാളുകള്ക്ക് മുമ്പ് സ്വര്ഗ്ഗം വിട്ടു ഭൂമിയിലേക്ക് പോയതിന്റെ ഫലം ദര്ശിപ്പാനായി സ്വര്ഗ്ഗം അത്യാകാംക്ഷയോടുകൂടി കാത്തിരിക്കുകയാണ്. ആ ദൈവപുത്രന് തന്റെ കാന്തയോടുകൂടി അവിടേക്ക് പ്രവേശിക്കുന്നത് ദര്ശിക്കുമ്പോള് സ്വര്ഗ്ഗത്തിന്റെ സന്തോഷം എത്ര വലുതായിരിക്കും. ആകയാല് മണവാട്ടി സഭ, ക്രിസ്തുനാഥന്, പിതാവാം ദൈവം, പരിശുദ്ധാത്മാവ്, സ്വര്ഗ്ഗം ഇവരെല്ലാംകൂടി സന്തോഷിച്ചാറാടുന്ന സമയമാണ് വെളിപ്പാടുപുസ്തകം നാലാം അദ്ധ്യായം. എന്തുകൊണ്ടെന്നാല് ദൈവത്തിന്റെ സഭ സ്വര്ഗ്ഗത്തിലെത്തിയിരിക്കുന്നു. (തുടരും)